**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/049/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 24-09-2025**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. ഷാജി. ടി<br>പുലിക്കോട്ട് വീട്, വെള്ളാലശ്ശേരി പി.ഒ<br>NIT (via), കോഴിക്കോട് - 673601 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ്<br>ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കുന്നമംഗലം, കോഴിക്കോട് ജില്ല |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ.ഷാജി.ടി കോഴിക്കോട്, NIT campus ന് അടുത്ത് വെള്ളലശ്ശേരി എന്ന സ്ഥലത്ത് താമസക്കാരനാണ്. ഇദ്ദേഹം താമസിക്കുന്ന വീട്ടിൽ അച്ഛനായ ശ്രീ.ബാലസുബ്രഹ്മണ്യന്റെ പേരിലുള്ള ഗാർഹിക കണക്ഷൻ നിലവിലുണ്ട്. പരാതിക്കാരൻ വീട്ടിൽ നിന്നും ഏകദേശം 190 മീറ്റർ അകാലത്തിൽ സ്ഥാപിച്ചിട്ടുള്ള കിണറ്റിൽ നിന്നും വെള്ളം വീട്ടിലേയ്ക്ക് പമ്പ് ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൌസിലേയ്ക്ക് പുതിയ കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകി. ആ പമ്പ് ഹൌസിലേയ്ക്ക് LT 1 A യിൽ കണക്ഷൻ വേണമെന്ന പരാതിക്കാരന്റെ ആവശ്യം ലൈസൻസി നിരാകരിക്കുകയും LT IV A യിൽ കണക്ഷൻ നൽകാമെന്നറിയിക്കുകയും ചെയ്തു. എന്നാൽ വീട്ടിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്യുന്നതിനായതിനാൽ കണക്ഷൻ LT 1A യിൽ തന്നെ വേണമെന്നാണ്

പരാതിക്കാരൻ ആവശ്യപ്പെടുന്നത്. **CGRF** ൽ നൽകിയ പരാതിയിൽ **(OP/06/25-26)** നടപടികൾ പൂർത്തിയാക്കി **03/05/2025** ൽ ഉത്തരവിറക്കുകയുണ്ടായി. ലൈസൻസിയുടെ നടപടി ശരിവച്ചു കൊണ്ടാണ് **CGRF** ഉത്തരവിറക്കിയത്. ആ ഉത്തരവിന്റെ അപ്പീലായാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

The complainant had filed an application on 31.01.2025 before Kattangal Section Office of KSEB for domestic pump house connection. The overseer and Sub Engineer of the Section Office had visited the premises. After 10 days the appellant was informed that since the property in which the pump house is situated belong to the appellant and the house in which the appellant is residing belongs to the father of the appellant domestic thereof connection cannot be granted. Thereafter the appellant requested for written reply to the concerned authority and reply was received on 18.02.2025. Thereafter the appellant had submitted complaint before Executive Engineer Kunnamangalam. But no favorable reply was received from the Executive Engineer. Hence the appellant filed complaint before the Kunnamangalam Electrical Sub Division IGRC but Kunnamangalam IGRC as per order dated 16.04.2025 dismissed the application of the appellant. Hence the request of the appellant before the CGRF Kozhikode was that since the pump house was for domestic purpose the connection may be considered under 1 A tariff. But the CGRF Kozhikode as per Order dated 29.04.2025 disallowed the complaint No. OP 6/2025-26.

The order of the CGRF Kozhikode dated 29.04.2025 may be reversed and as connection to the pump house of the complainant is for domestic purpose it may be included in I A tariff.

## എതിർകക്ഷിയുടെ വാദം

കട്ടാങ്ങൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ശ്രീ.ഷാജി.ടി, **(Con.No.1167474011626)** ഗാർഹിക പമ്പ് ഹൗസ് ആവശ്യത്തിന് **31.01.2025** ൽ കട്ടാങ്ങൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പമ്പ് ഹൗസ്, ശ്രീ.ബാലസുബ്രഹ്മണ്യൻ **(Con.No.1167474011626)** എന്ന വ്യക്തിയുടെ പ്രെമൈസിലേക് **pumping purpose**-നായി നിർമ്മിച്ചത് എന്നാണ് ശ്രീ.ഷാജി.ടിഅവകാശപ്പെടുന്നത്.**Con.No.116747401162**നമ്പറിലുള്ള പ്രിമൈസ് സ്ഥിതി ചെയ്യുന്നത് പമ്പ് ഹൗസിൽ നിന്നും **190 mtr** അകലെയായിട്ടും പൊതുനിരത്തിന് എതിർവശത്തുമായിട്ടാണ്. ഇവിടെ വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹിക ആവശ്യത്തിനായി **LT-1A** താരിഫിലാണ്.നിലവിൽ വൈദ്യുതി ഉള്ള ഒരു പ്രിമൈസിലേക് മറ്റൊരു

Premise-ൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനായി പൊതുനിരത്തിനും എതിരായി 190 mtr അകലെ ഒരു പമ്പ് ഹൗസ് സ്ഥാപിച്ചു ആ Premise ലേക്ക് നൽകണമെന്നാണ് താരിഫിൽ വൈദ്യുതി ഗാർഹിക അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത്. - KSERC dated 05-12-2024 പ്രകാരം പ്രസ്തുത കണക്ഷൻ Pumping water for Non-Agriculture purpose എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യാവസായിക താരിഫിൽ (LT-IVA) നൽകാവുന്നതാണ്.Tariff order-ൽ domestic water supply ൽ ഉൾപ്പെടുത്തി നൽകാവുന്ന വിഭാഗത്തിൽ അപേക്ഷകൻ ഉൾപ്പെടുന്നില്ല. ആയതിനാൽ വൈദ്യുതി കണക്ഷൻ LTIVA താരിഫിൽ നൽകാവുന്നതാണ്.

കൂടാതെ ഈ വീട്ടിലേക്ക് 400 മീറ്റർ ദൂരെയുള്ള മറ്റൊരു Premise ൽ (Consumer No:10580) LT-1A താരിഫിൽ വെള്ളം പമ്പ് ചെയ്യുന്നതിനായി ഒരു കണക്ഷൻ നിലവിലുണ്ട്. ഇത് പരിശോധിച്ച് ഇത്തരം കണക്ഷനുകൾ ഒഴിവാക്കാൻ ബഹുമാനപ്പെട്ട CGRF, കോഴിക്കോട് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ അപ്പീൽ ഹർജി ദയവ് ചെയ്ത് തള്ളണമെന്ന് അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

ഞാൻ സത്യസന്ധമായി നൽകിയ അപേക്ഷയിൽ വീട്ടാവശ്യത്തിൽ ഉപയോഗിക്കാൻ ആവശ്യപ്പെട്ട KSEB കറന്റ് കണക്ഷൻ നിഷേധിച്ച് അദ്ദേഹം പറയുന്നത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് എങ്കിൽ കണക്ഷൻ താരമെന്നാണ്. ഇത് നീതി നിഷേധമാണ്.

വീട് അച്ഛന്റെ പേരിലും കിണർ നിൽക്കുന്ന സ്ഥലം മകനായ എന്റെ പേരിലുമാണ്. ഞങ്ങൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരും ഒരേ വീട്ടിൽ താമസിച്ചു വരുന്നവരുമാണ്. ഇത് കൊണ്ട് 1 A താരിഫിൽ കണക്ഷൻ കിട്ടാൻ അർഹത ഉണ്ട്.

24.04.2025 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്ന കത്തിൽ യാഥാർത്ഥ്യം മാറ്റി മറ്റൊരു ആവശ്യത്തിന് കണക്ഷൻ തരാമെന്ന് പറയുന്നത് സത്യത്തെ വളച്ചൊടിക്കലാണ്. വീട്ടാവശ്യവും കുടിവെള്ള ആവശ്യവും പരിഗണിച്ച് സത്യസന്ധമായ കാര്യത്തിന് 1 A താരിഫിൽ കണക്ഷൻ തരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **10/09/2025**-ന് രാവിലെ **11:30**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.ഷാജി.ടി എതിർകക്ഷി ശ്രീ.വിവേക് വി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കുന്നമംഗലം, കോഴിക്കോട് എന്നിവർ പങ്കെടുത്തു.

ലൈസൻസിയായ **KSEBL** ന്റെ കട്ടാങ്ങൽ ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ വരുന്ന ഗാർഹിക കണക്ഷൻ **consumer no . 1167474011626** നൽകിയിട്ടുള്ള വീട്ടിൽ താമസക്കാരനാണ്. പ്രസ്തുത വീടിന്റെ കണക്ഷൻ അദ്ദേഹത്തിന്റെ പിതാവായ ബാലസുബ്രഹ്മണ്യന്റെ പേരിലുള്ളതാണ്. താമസിക്കുന്ന പുരയിടത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ കുറച്ച് അകലെയുണ്ടായിരുന്ന ഒരു കിണറിൽ നിന്നാണ് വെള്ളം പമ്പ് ചെയുന്നത്. എന്നാൽ നിലവിലുള്ള കിണറിലെ വെള്ളം മലിനമായതിനാൽ പരാതിക്കാരന്റെ പേരിലുള്ള മറ്റൊരു പുരയിടത്തിൽ കിണറും പമ്പ് സെറ്റും സ്ഥാപിക്കുകയുണ്ടായി. അങ്ങനെ സ്ഥാപിച്ച പുതിയ പമ്പ് സെറ്റിന് വേണ്ടിയാണ് പുതിയ കണക്ഷന് അപേക്ഷ നൽകിയത്. ഗാർഹിക ആവശ്യത്തിനുള്ള കുടിവെള്ളത്തിനുവേണ്ടി ആയതിനാൽ പുതിയ കണക്ഷൻ **LT 1 A** താരിഫിൽ നൽകണമെന്നാണ് അപേക്ഷയിൽ കാണിച്ചിട്ടുള്ളത്. ഇവിടെ ഗാർഹിക കണക്ഷന്റെ ഉപഭോക്താവ് ശ്രീ. ബാലസുബ്രഹ്മണ്യനാണ്. പുതിയ കിണർ സ്ഥാപിച്ച സ്ഥലം പരാതിക്കാരന്റെ പേരിലായതിനാൽ അദ്ദേഹത്തിന്റെ പേരിലാണ് പുതിയ കണക്ഷന് അപേക്ഷിച്ചത്. എന്നാൽ **KSERC** ഇറക്കിയിട്ടുള്ള താരിഫ് ഓർഡർ പ്രകാരം **LT 1 A** യിൽ കണക്ഷൻ നല്കാൻ കഴിയില്ല എന്നും **LT IV A** യിൽ നൽകാമെന്നുമാണ് അറിയിച്ചത്. താരിഫ് ഓർഡർ പരിശോധിച്ചാൽ **LT 1 A is applicable for (1) Domestic Purpose**

***Note-3.*** *Home stay units approved as such by Department of Tourism shall be billed under LT-I domestic.*

***Note-4.*** *Farm stay at farm houses (agriculture, dairy and animal husbandries) having a total connected load upto 20kW and certified by appropriate authority shall be billed under LT-I domestic.*

***Note.6:*** *Nano household units shall be allowed to be billed under domestic tariff to promote entrepreneurial environment in the State.*

***Note-8:*** ***(a)*** *The domestic water supply schemes approved by the Government including the following shall be charged under domestic tariff.*

**(i)** *water supply schemes under Jalanidhi, Jaladhara or Swajaladhara Projects;*

**(ii)** *water supply schemes coming under water supply societies or under beneficiary committees;*

**(iii)** *water supply schemes for Scheduled Caste (SC) and / or Scheduled Tribe (ST) colonies;*

**(iv)** *water supply schemes for Laksham Veedu Settlements taken over and managed by Local Self Government Institutions;*

**(v)** *social drinking water supply schemes established using local area development funds of Members of Legislative Assembly (MLA) and / or Members of Parliament (MP)*

**(vi)** *social drinking water supply schemes established using funds of Local Self Government Institutions;*

**(vii)** *social drinking water supply schemes under Peoples Participatory Schemes (PPS);*

**(viii)** *Rajeev Gandhi Drinking Water Schemes managed by beneficiary groups.*

***(b)*** *The method for billing for the above mentioned water supply schemes solely for domestic purpose shall be as specified hereunder;*

***(c)*** *The total monthly consumption of electricity of the units of such water supply schemes will be divided by the number of beneficiary households and the average consumption per households will be billed under LT – I domestic tariff. The amount of electricity charges assessed for the average consumption per beneficiary household will then be multiplied by the number of beneficiary households to assess the total electricity charges to be paid by the units of such schemes.*

***(d)*** *Anganwadies, if any, availing drinking water from the above water supply schemes shall also be considered as a beneficiary availing the water supply for domestic purpose and the benefit of such community drinking water schemes shall be extended to them.*

ഇതിൽ നിന്നും പൊതു ജലവിതരണ സംവിധാനങ്ങൾക്ക് **LT 1 A** ബാധകമാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ വ്യക്തിഗതമായ പമ്പിങ് സംവിധാനമായതിനാൽ **LT 1 A** ബാധകമാക്കാൻ കഴിയില്ല എന്നാണ് എതിർകക്ഷിയുടെ വാദം. പകരം **LT IV A** യിൽ കണക്ഷൻ

നൽകാമെന്നാണ് അറിയിച്ചത്. **KSERC** യുടെ താരിഫ് ഓർഡറിൽ **LT IV A** യിലെ **item (vii)** പ്രകാരം **LT IV A** ബാധകമായിരുന്നു.

***LT- IV (A) – INDUSTRY LT-IV (A)*** *Industrial tariff is applicable for the general purpose industrial loads (single or three phase) which include,-*

***(vii)*** *public waterworks, drinking water pumping for public by Kerala Water Authority, Corporations, Municipalities and Panchayats, telemetry stations of KWA, pumping water for non- agricultural purposes, sewage pumping units,*

ഈ ഓർഡർ പ്രകാരം **LT IV A** യിൽ കണക്ഷൻ നൽകാവുന്നതാണ്. എന്നാൽ ഇവിടെ പമ്പ് ചെയ്യുന്ന ജലം പൂർണ്ണമായും ഗാർഹിക ആവശ്യത്തിനായതിനാൽ നിലവിലുള്ള ഗാർഹിക കണക്ഷനിൽ നിന്നും ഈ പമ്പിന് കണക്ഷൻ നൽകാൻ കഴിയുമോ എന്നാരാഞ്ഞു. **3** മീറ്റർ വീതിയുള്ള പൊതു റോഡിന്റെ ഒരു വശത്താണ് വീട് സ്ഥിതിചെയ്യുന്നത്. മറുവശത്താണ് കിണറും പമ്പ് ഹൌസും നിർമ്മിച്ചിരിക്കുന്നു. **UG Cable** ഉപയോഗിച്ചാലും റോഡ് മുറിച്ചു കടന്ന ശേഷം റോഡിന്റെ വശത്തുകൂടി റോഡിനു സമാന്തരമായി **UG cable** സ്ഥാപിക്കേണ്ടതുണ്ട്. ഇങ്ങനെ സ്ഥാപിക്കേണ്ട **cable length** ഏകദേശം **260** മീറ്ററോളം വരും. ഇതിന്റെ സാങ്കേതികമായ വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ വാദം കേൾക്കൽ ദിവസം **AEE** യെ ചുമതലപ്പെടുത്തിയിരുന്നു.

ആ റിപ്പോർട്ട് **24/09/2025** ൽ സമർപ്പിച്ചു. **AEE** യുടെ റിപ്പോർട്ട് പ്രകാരം സാങ്കേതികമായി **domestic connection** ൽ നിന്നുമുള്ള **extension** സാധ്യമല്ല എന്ന് വിശദമാക്കുന്നു. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. The line crosses a public road which creates operational and safety constraints.
2. The alignment runs alongside the road which is not recommended as per standard practice due to continuous public movement and right of way issues.
3. The line passes through agricultural land which poses practical difficulties in construction, maintenance and safe operation of the line.

**Under Ground Cable** ഇടുന്നതിനുള്ള എല്ലാസുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാലും ഒരു പൊതു റോഡ് മുറിച്ച് കടന്ന് അതിന്റെ വശത്തുകൂടിയും കൃഷിസ്ഥലത്തുകൂടിയും കേബിൾ ഇടുന്നത് ഭാവിയിൽ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കും എന്നുള്ളത് ഒരു വസ്തുതയാണ്. ഈ പശ്ചാത്തലത്തിൽ ഗാർഹിക കണക്ഷനിൽ നിന്നുമുള്ള **extension** പ്രായോഗികമല്ല എന്ന് കാണാം. പുതിയ

കണക്ഷൻ LT 1 A യിൽ നൽകാൻ നിലവിലുള്ള താരിഫ് ഓർഡർ അനുവദിക്കുന്നില്ല. അതിനാൽ LT IV A യിൽ കണക്ഷൻ നേടുക എന്നത് മാത്രമേ മാർഗ്ഗമായിട്ടുള്ളു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി പരാതിക്കാരന് LT IV A താരിഫിൽ കണക്ഷൻ നൽകുക.
2. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/049/2025/ തീയതി : 24/09/2025.

**അയക്കുന്നത്:**

1. ശ്രീ.ഷാജി.ടി, പുലിക്കോട്ട് വീട്, വെള്ളാലശ്ശേരി പി.ഓ, കോഴിക്കോട് ജില്ല.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കുന്നമംഗലം, കോഴിക്കോട് ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, വൈദ്യുതി ഭവനം, ഗാന്ധി റോഡ്, കോഴിക്കോട് - 673011.